# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 8267

17.07.2014 ലെ മറുപടിക്ക്

## വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിനും ശക്തിപ്പെടുത്തലിനും പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിനും ശക്തിപ്പെടുത്തലിനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. കേരളത്തിലെ എല്ലാ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ആവശ്യമായ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതികൾ തയ്യാറാക്കുന്നത്. ടൂറിസ്റ്റുകൾക്ക് സന്ദർശന സഹായം നൽകുവാൻ കോവളം, ഫോർട്ട് കൊച്ചി, കനകക്കുന്ന് എന്നീ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും വിമാനത്താവളങ്ങളിലും ആധുനിക ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിനോദസഞ്ചാരസ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തലിനായി ഗസ്റ്റ്ഹൗസുകൾ പുതുക്കിപ്പണിയുകയും അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുകയും ആധുനികവത്കരണത്തിനായി കമ്പ്യൂട്ടർ, ഫാക്സ്, ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുന്നു. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | ബി) ടൂറിസം സെന്ററുകളുടെ ആധുനികവത്കരണത്തിലൂടെയും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യമൊരുക്കുന്നതിലൂടെയും ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട സൗകര്യം നൽകുക എന്നതാണ് |

(.........2)

ലക്ഷ്യമിടുന്നത്. ഗസ്റ്റ് ഹൗസുകൾ മുഖേന താമസക്കാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാനും ലക്ഷ്യമിടുന്നു.

സി) ആരെല്ലാമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

സി) സർക്കാർ അംഗീകരിച്ച നിർവ്വഹണ ഏജൻസികളായ SIDCO, KITCO, പൊതുമരാമത്ത് വകുപ്പ് സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവരാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത്.

ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

പദ്ധതി സമയബന്ധിതമായി നിർവ്വഹിക്കുന്നതിനായി നിർവ്വഹണ ഏജൻസികളുടെ പദ്ധതി അവലോകന യോഗങ്ങൾ കാലാകാലങ്ങളിൽ നടത്തി വരുന്നു. പദ്ധതിയുടെ പുരോഗതി നേരിട്ട് വിലയിരുത്തുന്നതിന് ജില്ലാതലത്തിൽ പ്രോജക്ട് എൻജിനീയർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**